**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1626** **08-02-2023 - ൽ മറുപടിയ്ക്ക്**

**വാല്യൂ ആഡഡ് അഗ്രിക്കൾച്ചർ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എ. രാജ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് വാല്യൂ ആഡഡ് അഗ്രിക്കൾച്ചർ മിഷൻ (വാം) പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>കാർഷിക ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുക, കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉത്പന്ന സംഭരണം, ഉത്പന്നങ്ങളുടെ വില, മൂല്യവർധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർധനവ് വരുത്തുക തുടങ്ങിയ ഉദ്ദേശ്യ ങ്ങളോടെയാണ് മൂല്യവർധിത കാർഷിക മിഷൻ (Value Added Agriculture Mission – VAAM) രൂപീകരിച്ചിട്ടുള്ളത്. പ്രാഥമിക കാർഷിക ഉത്പന്നങ്ങളുടെ ഉത്പാദന/നിർമാണ പ്രക്രിയകൾ, വിപണനം/ സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉത്പന്നങ്ങളുടെ മൂല്യം വർധിപ്പിക്കുക എന്ന ആശയത്തിനാണ് മൂല്യവർധിത കാർഷിക മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ, നിലവിലുള്ള അവസരങ്ങൾ, വിടവുകൾ, നയം, സ്ഥാപനപരം, വിപണി, സാങ്കേതിക വശങ്ങൾ എന്നിവ പരിഗണിച്ച് പ്രധാനമായും ഇടപെടേണ്ട മേഖലകൾ കണ്ടെത്തുകയും അതുവഴി, മൂല്യവർധിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും കേന്ദ്രീകൃത സമീപനം രൂപീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ/ ശുപാർശകൾ എന്നിവയടങ്ങിയ ഒരു മാർഗരേഖയും VAAM പദ്ധതിയുടെ നടത്തിപ്പിലേക്കായി അംഗീകരിച്ചിട്ടുണ്ട്.<br><br>പ്രസ്തുത മാർഗരേഖയുടെ അടിസ്ഥാനത്തിൽ കാർഷിക വ്യവസായവും, സാങ്കേതികവിദ്യയും അറിവ് പങ്കിടലും, ശേഷി വർധിപ്പിക്കൽ, വിപണനം, |

| | | | |
|---|---|---|---|
| | | | ധനകാര്യം പോലുള്ള വിഷയങ്ങളിൽ സബ് ആക്ഷൻ പ്ലാനുകൾ സമർപ്പിക്കുന്നതിനുമായി സബ് വർക്കിംഗ് ഗ്രൂപ്പുകൾ/റിസോഴ്സ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br><br>ഉത്പന്നങ്ങൾക്ക് ഉറപ്പായ വിപണി സൃഷ്ടിക്കുന്നതിനും ബ്രാൻഡ് വികസിപ്പി ക്കുന്നതിനും മൂല്യവർധിത ഉത്പന്നങ്ങൾക്ക് പ്രസക്തമായ സർട്ടിഫിക്കേഷനുകൾ നേടുന്നതിനുമായി അനുബന്ധ മേഖലകളിലെ വിദഗ്ധരുമായി സെമിനാറുകൾ, പ്രദർശന ങ്ങൾ, ബ്രെയിൻസ്റ്റോമിംഗ് വർക്ക്ഷോപ്പുകൾ എന്നിവ നടത്തി കൃഷിയിൽ മൂല്യനിർണയത്തെ പിന്തുണയ്ക്കുന്നതിനായിരിക്കും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ആഭ്യന്തര, അന്തർദ്ദേശീയ വ്യാപാരവും കയറ്റുമതിയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. |
| (ബി) | കാർഷികമേഖല നേരിടുന്ന പ്രതിസന്ധിക്കുള്ള മുഖ്യകാരണം ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനമാണെന്നിരിക്കെ അവ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണനം ചെയ്യുന്നതിന് നൂതന സ്വഭാവത്തോടെയുള്ള യന്ത്രവൽക്കരണവും സാങ്കേതിക വിദ്യകളുടെ ഉപയോഗവും ഉറപ്പുവരുത്തുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണനം ചെയ്യുന്നതിന് നൂതന സ്വഭാവത്തോടെയുള്ള യന്ത്രവൽക്കരണവും സാങ്കേതിക വിദ്യകളുടെ ഉപയോഗവും മൂല്യവർധിത കാർഷിക മിഷൻ പദ്ധതി വഴി ഉറപ്പുവരുത്തും. ഇതിനായി സംസ്ഥാനത്ത് അനുകൂലമായ ഒരു ആവാസവ്യവസ്ഥ രൂപപ്പെടുത്തുന്നതിന് താഴെപ്പറയുന്ന വിപണിയുമായി ബന്ധപ്പെട്ട ഇടപെടലുകൾ VAAM മുഖേന നടപ്പിലാക്കും. മൂല്യവർധിത കാർഷിക ഉത്പന്നങ്ങളുടേയും ഇറക്കുമതി കയറ്റുമതി സാധ്യതകളെക്കുറിച്ചുള്ള വിവരങ്ങൾ ഉത്പാദകർക്കും FPO കൾക്കും MSME കൾക്കും ലഭ്യമാണെന്ന് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, പ്രത്യേക ഉത്പന്നങ്ങളുടെ ആഗോള ബ്രാൻഡിംഗും വിപണനവും പരിഗണിക്കുക ഇവയുടെ കയറ്റുമതിക്കായി പ്രത്യേക പാക്കേജുകൾ വിളവെടുപ്പിനു ശേഷമുള്ള കൈകാര്യം ചെയ്യൽ, പ്രോട്ടോക്കോളുകൾ ഇവ തയ്യാറാക്കുക, സേഫ് ടു ഈറ്റ് ഉത്പന്നത്തിന്റെ പ്രദർശനത്തിനും സമാഹരണത്തിനും വിപണനത്തിനുമായി ഒരു കേന്ദ്രീകൃത ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം രൂപീകരിക്കുക, മൂല്യവർധനവിനും ഉത്പാദന കയറ്റുമതിക്കും സാധ്യതയുള്ള ഗ്രാസ് റൂട്ട് സംരംഭങ്ങളെ പ്രോ ആക്ടീവായി സംയോജിപ്പിക്കുക, വ്യവസായ വകുപ്പിന്റെയും നോർക്കയുടെയും സഹായത്തോടെ ശക്തമായ കയറ്റുമതി രജിസ്ട്രേഷനോടെ 'Kitchen of the Gulf' ആയി പ്രവർത്തിക്കാൻ കേരളത്തെ തയ്യാറാക്കുക, നാളികേരത്തിന്റെ മൂല്യവർധനവിന് |

| | | | |
|---|---|---|---|
| | | | കയർ ഉൾപ്പടെ ഒരു കേന്ദ്ര പ്ലാറ്റ് ഫോം ആവിഷ്കരിക്കുക തുടങ്ങിയവ വിപണിയുമായി ബന്ധപ്പെട്ട ഇടപെടലുകളിൽ ഉൾപ്പെടുന്നു. |
| (സി) | മൂല്യവർദ്ധിത കൃഷി മിഷന്റെ ഘടന എപ്രകാരമാണെന്ന് വിശദമാക്കാമോ? | (സി) | കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കൽ, കാർഷികോത്പ്പാദനക്ഷമത, ഉൽപ്പന്ന സംഭരണം. ഉത്പ്പന്നങ്ങളുടെ വില. മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ<br><br>എന്നിവയിൽ വർധനവ് വരുത്തുന്നതിനായി താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ഘടനയോടുകൂടി മൂല്യവർധിത കൃഷി മിഷൻ (Value Added Agriculture Mission -VAAM) രൂപീകരിച്ചിട്ടുണ്ട്.<br><br>1.ബഹു. മുഖ്യമന്ത്രി– ചെയർപേഴ്സൺ<br><br>2. ബഹു. കൃഷി വകുപ്പ് മന്ത്രി, ബഹു.വ്യവസായ വകുപ്പ് മന്ത്രി - വൈസ് ചെയർപേഴ്സൺ<br><br>3.പ്രിൻസിപ്പൽ സെക്രട്ടറി & കാർഷികോത്പാദന കമ്മീഷണർ - കൺവീനർ & മിഷൻ സെക്രട്ടറി<br><br>4.പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ് - കോ കൺവീനർ<br><br>5.**<u>അംഗങ്ങൾ</u>**<br><br>ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി<br><br>ബഹു. സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി<br><br>ബഹു. ധനകാര്യ വകുപ്പ് മന്ത്രി<br><br>ബഹു. ജലവിഭവ വകുപ്പ് മന്ത്രി<br><br>ബഹു. മൃഗ സംരക്ഷണ-ക്ഷീര വികസന വകുപ്പ് മന്ത്രി<br><br>ബഹു.മത്സ്യബന്ധന വകുപ്പ് മന്ത്രി<br><br>ബഹു. വൈദ്യുതി വകുപ്പ് മന്ത്രി<br><br>ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി<br><br>ചീഫ് സെക്രട്ടറി<br><br>അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്<br><br>അഡീഷണൽ ചീഫ് സെക്രട്ടറി, ജല വിഭവ വകുപ്പ്<br><br>അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് |

| | | | |
|---|---|---|---|
| | | | അഡീഷണൽ ചീഫ് സെക്രട്ടറി, ഭക്ഷ്യ പൊതു വിതരണ വകുപ്പ്<br><br>പ്രിൻസിപ്പൽ സെക്രട്ടറി, മൃഗ സംരക്ഷണ-ക്ഷീര വികസന വകുപ്പ്<br><br>പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്<br><br>സെക്രട്ടറി, സഹകരണ വകുപ്പ്<br><br>സെക്രട്ടറി, വൈദ്യുതി വകുപ്പ്<br><br>എക്സിക്യൂട്ടീവ് ഡയറക്ടർ<br><br>കോ-ഓർഡിനേറ്റർ<br><br>പ്രിൻസിപ്പൽ സെക്രട്ടറി & കാർഷികോത്പാദന കമ്മീഷണർ കൺവീനറായും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കോ-കൺവീനറായും ഒരു മൾട്ടി ഡിസിപ്ലിനറി വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ